**S:No:22/2018** മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

**ദൈവകൃപയാൽ**

**തുമ്പമൺ ഭദ്രാസന ഇടവകയുടെ**

# കുറിയാക്കോസ് മാർ ക്ലീമിസ് മെത്രാപ്പോലിത്തായിൽ നിന്നും

നമ്മുടെ മാക്കാംകുന്ന്,കോഴഞ്ചേരി ഡിസ്ട്രിക്ടുകളിൽപ്പെട്ട എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളിക്കമ്മറ്റിക്കാരും പ്രീയ വിശ്വാസികളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്,

പ്രീയരെ,

നമ്മുടെ കോഴഞ്ചേരി ഡിസ്ട്രിക്ടിൽപ്പെട്ട പള്ളികളിലെ സുവിശേഷസംഘത്തിന്റെ ആഭിമുഖ്യത്തിൽ മാസത്തിലെ 2-ാം വെള്ളിയാഴ്ച്ച രാവിലെ 10 മുതൽ12.30വരെ നമ്മുടെ മാരാമൺ റിട്രീറ്റ് സെന്ററിൽവെച്ച് വേദപഠന ക്ലാസ്സും ധ്യാനവും നടന്നുവരുന്നു.നമ്മുടെ എല്ലാ സുവിശേഷസംഘ പ്രവർത്തകരും താത്പര്യമുള്ള എല്ലാവരും ഈ ക്ലാസിൽ വന്നു സംബന്ധിക്കണമെന്ന് നാം താത്പര്യപ്പെടുന്നു.

ജൂലൈ മാസത്തെ ക്ലാസ്സ് നമ്മുടെ അദ്ധ്യക്ഷതയിൽ 13-ാം തീയതി വെള്ളിയാഴ്ച്ച രാവിലെ 10മുതൽ12.30 വരെ നടക്കുന്നതാണ്.

**വീണ്ടും പ്രീയരെ,**

നമ്മുടെ സുവിശേസംഘത്തിന്റെ കോഴഞ്ചേരി ഡിസ്ട്രിക്ട് സെക്രട്ടറിയായി സെന്റ് മാത്യൂസ് വലിയപള്ളി ഇടവകാംഗം കാലായിൽ പുത്തൻവീട്ടിൽ ഷിബു ഫിലിപ്പിനെ നാം നിയമിക്കുന്നു. മുൻ സെക്രട്ടറി പുറത്തൂട്ട് തോമസ് വർഗീസിനെ അനുമോദിക്കുകയും നന്ദിയോടെ സ്മരിക്കുകയും ചെയ്യുന്നു.പുതിയ സെക്രട്ടറിയുമായി സഹകരിച്ച് പ്രവർത്തനങ്ങൾ ഭംഗിയായി നടത്തിക്കൊള്ളണം.

ശേഷം കാര്യങ്ങൾ പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളേവരുടേയും മേൽ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന്,

2018 ജൂലൈ മാസം 06-ാം തീയതി

ബേസിൽ അരമനയിൽ നിന്നും